# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3984 26/06/13 ൽ മറുപടി നൽകേണ്ടിയിരുന്നത്

## പാലക്കാട് ജില്ല മഴക്കാലപൂർവ്വവ്യാധികൾ

**ചോദ്യം**
**ശ്രീ.എം.ഹംസ**

**മറുപടി**
**ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി**

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) മഴക്കാലപൂർവ്വ പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനും മറ്റുമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര രൂപ അനുവദിച്ചുവെന്നും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തുവാനാണ് നിർദ്ദേശം നൽകിയിരിക്കുന്നത് എന്നും അറിയിക്കുമോ; | 2012-13 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് 19,25,50,000/ രൂപയും, മുൻസിപ്പാലിറ്റികൾക്കും, കോർപ്പറേഷനുകൾക്കുമായി 2,57,50,000/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2013-14 സാമ്പത്തിക വർഷത്തിൽ 48 നഗരസഭകൾ കോർപ്പറേഷനുകൾക്കായി 1,77,37,876 രൂപയും 487 ഗ്രാമപഞ്ചായത്തുകൾക്കായി 6,18,08,320 രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. മൺസൂൺ കാലത്ത് കേരളത്തിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതിനുള്ള സാധ്യതയെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി 03-05-2013 തീയതിയിലെ നം.22963/ഡി.സി.1/2013/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിൽ മഴക്കാലപൂർവ്വ ശുചീകരണ കാമ്പയിന്റെ ഭാഗമായി പഞ്ചായത്ത്-നഗരസഭാതലങ്ങളിൽ വാർഡ് തല ശുചിത്വ കൂട്ടായ്മ, ശുചിത്വ സ്ക്വാഡുകളുടെ രൂപീകരണം, ശുചിത്വമാപ്പിംഗ്, ശുചിത്വമാപ്പിംഗിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത്/നഗരസഭാതല ശുചിത്വ കർമ്മപരിപാടി, ഡ്രൈഡേ ആചരണം, ഗാർഹികതലം, സ്ഥാപനതലം, പൊതു |

→

| | |
|---|---|
| | ഇടങ്ങളിലുള്ള ശുചീകരണം, ബോധവൽക്കരണ പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ, വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള ശുചിത്വ പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്തുന്നതിനാണ് നിർദ്ദേശം നൽകിയിരിക്കുന്നത്. |
| (ബി) പാലക്കാട് ജില്ലയിലെ ഓരോ പഞ്ചായത്തിനും മുനിസിപ്പാലിറ്റിക്കും എത്ര തുക വീതമാണ് നൽകിയത്, വിശദാംശം നൽകാമോ. | 2013-14 സാമ്പത്തിക വർഷത്തിൽ, മുൻവർഷം നൽകിയ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുള്ള പാലക്കാട് ജില്ലയിലെ പഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കുമായി നൽകിയ തുകയുടെ വിശദാംശം അനുബന്ധം 1 ആയി ചേർക്കുന്നു. |
| (സി) അട്ടപ്പാടി ആദിവാസി മേഖലയ്ക്കായി എന്തെങ്കിലും പ്രത്യേക പാക്കേജ് നടപ്പിലാക്കിയോ; എത്ര രൂപ അനുവദിച്ചു; | മുൻ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ യോഗത്തിൽ അട്ടപ്പാടിയിൽ ആരോഗ്യ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ആദിവാസി മേഖലയിൽ 3000 ജനസംഖ്യയ്ക്ക് ഒരു സബ്സെന്റർ എന്ന നിലയ്ക്ക് തിട്ടപ്പെടുത്തിയിട്ടുണ്ട്. ആദിവാസികളുടെ റഫറൽ ട്രാൻസ്പോർട്ടിനും ചികിത്സയ്ക്കും കോമ്പ്രിഹൻസീവ് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ വഴി ഊരുകൾ സന്ദർശിച്ച് സേവനം ഊരുകളിൽ തന്നെ ലഭ്യമാക്കുന്നു. കൂടാതെ പ്രത്യേക ആർ.സി.എച്ച് ക്യാമ്പുകൾ, സ്പെഷ്യലിസ്റ്റ് ക്യാമ്പുകൾ, പ്രീ മെട്രിക് ഹോസ്റ്റലുകളിൽ പരിശോധനയും കൗൺസിലിങ്ങും നടത്തി വരുന്നു. സംസ്ഥാനത്ത് ആദിവാസി മേഖലയ്ക്ക് പ്രത്യേക ആരോഗ്യ പാക്കേജ് പുതുതായി നടപ്പാക്കുന്നതിന് ആരോഗ്യ വകുപ്പിൽ പദ്ധതി രൂപീകരിച്ചിട്ടില്ല. എന്നാൽ അട്ടപ്പാടി മേഖലയ്ക്ക് ഒരു പ്രത്യേക ആരോഗ്യ പാക്കേജ് രൂപീകരിക്കുകയും നടപ്പിലാക്കി വരുകയും ചെയ്യുന്നു. സർക്കാരിൽ നിന്നും ആരോഗ്യവകുപ്പിലേക്ക് നേരിട്ട് തുകയൊന്നും അനുവദിച്ചിട്ടില്ല. എന്നാൽ വാട്ടർ അതോറിറ്റിക്ക് ജലശുദ്ധീകരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 28 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. ഈ യൂണിറ്റ് |

| | |
|---|---|
| | ആശുപത്രിയിൽ സ്ഥാപിച്ച് ഭാഗീകമായി പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. എൻ.ആർ.എച്ച്.എം വഴി സബ് സെന്ററുകളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും അറ്റകുറ്റപണിക്കായി തുക അനുവദിച്ചു. കൂടാതെ അഗളി ആശുപത്രിയിൽ ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന്റെ ട്രെയിനിംഗ്, മറ്റ് ചിലവുകൾക്കായി തുക വിനിയോഗിച്ചിട്ടുണ്ട്. വാർഡ് സാനിറ്റേഷൻ കമ്മിറ്റികളുടെ തുകയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ എത്ര ആരോഗ്യ കേന്ദ്രങ്ങൾ ഉണ്ട്; ഹോമിയോ, ആയുർവേദം, അലോപ്പതി എന്നിവയുടെ എണ്ണം പ്രത്യേകം പ്രത്യേകം നൽകാമോ; | അട്ടപ്പാടി ആദിവാസി മേഖലയിൽ അലോപ്പതിയിൽ ഒരു സാമൂഹ്യ ആരോഗ്യ കേന്ദ്രവും മൂന്ന് പ്രൈമറി ഹെൽത്ത് സെന്ററുകളും മൂന്ന് മൊബൈൽ മെഡിക്കൽ യൂണിറ്റും, ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയും ഇതിനു കീഴിൽ 28 സബ് സെന്ററുകളും ഉണ്ട്. കൂടാതെ ഹോമിയോയിൽ 4 ഉം ആയുർവേദത്തിൽ 3 ഉം ഡിസ്പെൻസറികളുണ്ട്. |
| (ഇ) ആയുർവേദം, അലോപ്പതി ഹോമിയോപ്പതി എന്നിവയിൽ ആകെ എത്ര ഡോക്ടർമാരുടെ തസ്തികകയാണ് അട്ടപ്പാടി മേഖലയിലുള്ളത്, എത്ര ഒഴിവുകൾ നിലവിലുണ്ട്; ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനായി നടപടി സ്വീകരിച്ചോ; വിശദീകരിക്കാമോ? | ഹോമിയോപ്പതിയിൽ -11 ഉം ആയുർവേദത്തിൽ -5 ഉം, അലോപ്പതിയിൽ 25 ഉം തസ്തികകളുണ്ട്. നിലവിൽ അട്ടപ്പാടി മേഖലയിൽ ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്